

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**03 JANUARY 2020**
**07 JAMADI'UL AWWAL 1441 AH**

# Surah Al-Kafirun
## Chapter 109 of the Holy Quran
## സൂറ:അൽകാഫിറൂൻ/അധ്യായം 109 വിശുദ്ധഖുർആൻ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **സൂറ:അൽകാഫിറൂൻ/അധ്യായം 109 വിശുദ്ധഖുർആൻ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ, പറയുക ഹേ! അവിശ്വാസികളെ, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങളാരാധിക്കുന്നതിനെ ഞാൻ മേലിലും ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും മേലിൽ ആരാധിക്കുന്നവരല്ല; നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതം.

ഇസ്ലാമിന് മുൻപ് അറബികൾ ദൈവത്തെ നിരാകരിച്ചിരുന്നില്ല എന്ന വസ്തുത നില നില്ക്കുന്നുവെങ്കിലും, അവർ അവനെ അവന്റെ യഥാർത്ഥ സത്തയിലും (ഏകനാണ്) അനന്താനാണെന്നും മനസ്സിലാക്കിയിരുന്നില്ല. ഒരു രീതിയിലും അവർ അവനെ (ദൈവത്തെ) തരം താഴ്ത്തിയിരുന്നില്ല. എന്നാൽ അവർ അവന് പങ്കാളികളെ സ്ഥാപിച്ചു കൊടുത്തു. വിഗ്രഹങ്ങളെ അവർ സങ്കല്പിച്ച് വെച്ചത് ദൈവീകമായ മുൻഗാമികളാണ് എന്നാണ്. അഥവാ മാലാഖമാരെ അവർ ദൈവത്തിന്റെ പെൺമക്കളായുമാണ് ധരിച്ചിരുന്നത്. അതോടൊപ്പം, അവനും ജിന്നുകളും തമ്മിലും ഒരു ബന്ധമുണ്ടെന്നും അവർ ധരിച്ചിരുന്നു. അവന്റെ(ദൈവത്തിന്റെ) ഗുണവിശേഷങ്ങൾ അവർ മറന്നുപോയി. അതുകൊണ്ട് അവർ മറ്റു വിഗ്രഹങ്ങളെ ആരാധിച്ചു വന്നു. എന്നാൽ ഏതു നിലയിൽ നോക്കിയാലും,

വിശുദ്ധഖുർആൻ പറയുന്നു അവർ പറഞ്ഞതിങ്ങനെയാണ്. അവർ ഞങ്ങളെ അല്ലാഹുവിലേക്ക്, നല്ലവണ്ണം അടുപ്പിക്കുവാൻ വേണ്ടിയല്ലാതെ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല (39:4)

അതുമാത്രമല്ല, വീണ്ടും പരിശുദ്ധഖുർആൻ പറയുന്നു. ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും, സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തുകയും ചെയ്തതാരെന്ന് നീ അവരോട് (ബഹുദൈവ വിശ്വാസികളോട്) ചോദിച്ചാൽ അല്ലാഹു ആണെന്ന് അവർ നിശ്ചയമായും പറയും (29;62)

ആകാശത്ത് നിന്ന് വെള്ളം ഇറക്കുകയും എന്നിട്ട് ഭൂമിയെ -അതിന്റെ നിർജീവവസ്ഥയ്ക്ക് ശേഷം -അതുകൊണ്ട് ജീവിപ്പിക്കുകയും ചെയ്തതാരെന്ന് നീ അവരോട് ചോദിച്ചാൽ, അല്ലാഹു ആണെന്ന് അവർ തീർച്ചയായും പറയും(29:64)

അവർക്ക് ദൈവത്തിൽ വിശ്വാസമുള്ളതിനോടൊപ്പം, അവരുടെ ബഹുദേവതാവാദം, അവരുടെ വിശ്വാസസംഹിതയെ വക്രമാക്കിത്തീർത്തു. അവരുടെ ചര്യകളയും, ആചാരങ്ങളെയും വക്രമാക്കിത്തീർത്തു. എന്തിനേറെ പറയുന്നു അവരുടെ ധനത്തിന്റെ ഒരു ഓഹരിയും ഈ ദേവതകൾക്കായി സമർപ്പിക്കുന്നു; അതുമാത്രമല്ല അവരുടെ സന്താനങ്ങളെപോലും! ഈ ദേവതകൾക്കായി സമർപ്പിക്കുന്നു. ഇവർക്കായി അവരുടെ സന്താനങ്ങളെപോലും പലപ്പോഴും ബലി അർപ്പിക്കുവാൻ തയ്യാറാകുന്നു. ഇതു സംബന്ധമായി വിശുദ്ധഖുർആൻ പറയുന്നു. അല്ലാഹു സൃഷ്ടിച്ച വിളകളിൽ നിന്നും കന്നുകാലികളിൽ നിന്നും ഒരു ഭാഗം അവർ അല്ലാഹുവിനായി നിശ്ചയിച്ചു. എന്നിട്ട് അവരുടെ അനുമാനമനുസരിച്ച്, ഇത് അല്ലാഹുവിനുള്ളതാണ്, ഇത് ഞങ്ങളുടെ പങ്കാളികൾക്കു കൃത്രിമ ദൈവങ്ങൾക്കുള്ളതുമാണ് എന്ന് അവർ പറയുന്നു. എന്നാൽ അവരുടെ പങ്കാളികൾക്കുള്ളത് അല്ലാഹുവിങ്കൽ എത്തിച്ചേരുന്നില്ല. (മറിച്ച്) അല്ലാഹുവിനുള്ളത് അവരുടെ പങ്കാളികൾക്ക് എത്തിച്ചേരുകയും ചെയ്യും. അവർ വിധിക്കുന്നത് എന്തുമാത്രം വിചിത്രമായിരിക്കുന്നു. (6:137)

ഇതേ പ്രകാരം (ഈ) ബഹുദൈവവിശ്വാസികളിൽ നിന്ന് അധികം ആളുകൾക്കും തങ്ങളുടെ സന്തതികളെ വധിക്കുന്നത് അവരുടെ പങ്കാളികളായ ദൈവങ്ങൾ അലംകൃതമാക്കി കാണിച്ചുകൊടുത്തിരിക്കുന്നു. അവർ അവരെ നശിപ്പിക്കുന്നതിനും അവരുടെ മതം അവർക്ക് തിരിച്ചറിയാതാകുന്നതിനും വേണ്ടിയാണി

ത്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അത് ചെയ്യുമായിരുന്നില്ല. അതിനാൽ നീ അവരെയും അവർ കെട്ടിച്ചമയ്ക്കുന്നതിനെയും അവഗണിക്കുക 6:138

ഈ കന്നുകാലികളുടെ ഗർഭാശയങ്ങളിലുളളത് ഞങ്ങളുടെ ആണുങ്ങൾക്ക് മാത്രം ഉപയോഗിക്കാനുള്ളതും ഞങ്ങളുടെ ഭാര്യമാർക്ക് നിഷിദ്ധവുമാണെന്നും അവർ പറയുന്നു. എന്നാൽ, അത് നിർജീവമായി പിറന്നതാണെങ്കിൽ, അവർ (എല്ലാവരും) അതിൽ തുല്യപങ്കാളികളുമായിരിക്കും, അവരുടെ ഈ വിശദീകരണത്തിന് അല്ലാഹു അവർക്ക് അടുത്തു തന്നെ ശിക്ഷ നല്കുന്നതാണ്. തീർച്ചയായും അവൻ യുക്തിജ്ഞനും എല്ലാം അറിയുന്നവനുമാകുന്നു. (6:140)

തങ്ങളുടെ സന്തതികളെ യാതൊരറിവുമില്ലാതെ, മൗഢ്യമായി വധിക്കുകയും അല്ലാഹുവിന്റെ മേൽ കളളം കെട്ടിച്ചമച്ചുകൊണ്ട് അല്ലാഹു തങ്ങൾക്ക് നല്കിയത് സ്വയം നിഷിദ്ധമാകുകയും ചെയ്തവർ തീർച്ചയായും നഷ്ടത്തിൽ ആപതിച്ചിരിക്കുന്നു. നിശ്ചയമായും അവർ വഴിപിഴച്ചു അവർ നേർ മാർഗ്ഗം പ്രാപിക്കുന്നവരായതുമില്ല. (6:141)

അറബികൾക്ക് ബോധ്യമായ ഒരു കാര്യമാണ് അവർ ഇബ്റാഹീം(അ)ടെ മതത്തെയാണ് പിന്തുടരുന്നതെന്ന്! അറേബ്യൻ ഉപദ്വീപിൽ അപ്പോൾ കഴിഞ്ഞിരുന്ന വേദഗ്രന്ഥത്തിന്റെ ആളുകൾ (ജൂതന്മാരും, ക്രിസ്ത്യാനികളും) പിന്തുടരുന്നതിനേക്കാൾ നല്ല നിലയിൽ മാർഗ്ഗദർശനം ചെയ്യപ്പെട്ടവർ തങ്ങളാണെന്നും അറബികൾ കരുതിയിരുന്നു. (ജൂതന്മാരും, ക്രിസ്ത്യാനികളും) പ്രബോധിച്ചിരുന്നത് പിതാവും പുത്രനും തത്വത്തെയാണ്. ഇസ്റയും യേശുവും ദൈവപുത്രന്മാരാണ് എന്ന നിലയിലാണ് അവർ ആരാധിച്ചിരുന്നത്. തൽസ്ഥാനത്ത് അറബികൾ മാലാഖമാരേയും ജിന്നുകളെയും ആരാധിച്ചു. അവർ കരുതിയിരുന്നത് (അവരുടെ അഭിപ്രായപ്രകാരം) അവരാണ് ദൈവത്തിന്റെ യഥാർത്ഥ അനന്തരാവകാശികൾ എന്നാണ്! അവരുടെ വിശ്വാസം, അവർ കാത്തുസൂക്ഷിച്ചു. അത് ക്രിസ്ത്യാനികളുടെതിനേക്കാളും ജൂതന്മാരുടേതിനേക്കാളും യുക്തി യുക്തമായതായിരുന്നു. യുക്ത്യനുസൃതമായതായിരുന്നു; സങ്കല്പിക്കാവുന്നതായിരുന്നു; ഗ്രഹിക്കാവുന്നതുമായിരുന്നു; എന്നാൽ അവരെല്ലാവരും ബഹുദേവതാരാധകരായിരുന്നു എന്ന വസ്തുത അവശേഷിക്കുന്നു.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഇസ്ലാമിനെ ഇബ്റാഹീം നബി (അ)ന്റെ മതമായി പരസ്യമായി പ്രഖ്യാപിച്ചപ്പോൾ, അവർ അവരുടെ വിശ്വാസത്തെ കയ്യൊഴിയുവാനുള്ള കാരണമായി അതിനെ കണ്ടില്ല, അവർ മുഹമ്മദ് മുസ്തഫ(സ)യെ പിന്തുടരുവാനും തയ്യാറായില്ല. കാരണം അവർ ഹസ്രത് ഇബ്റാഹീം (അ)ന്റെ മതത്തെയാണ് പിന്തുടരുന്നതെന്ന് വാദിക്കുകയുണ്ടായി. അതേ സമയം തന്നെ, അവർ അദ്ദേഹവുമായി (മുഹമ്മദ് സ) ഒരു സന്ധിക്ക് തയ്യാറാവുകയുണ്ടായി. അവർ അല്ലാഹുവിന്റെ മുൻപിൽ, യഥാർത്ഥ ദൈവത്തിന്റെ മുൻപിൽ തലകുനിയ്ക്കാൻ തയ്യാറാണ്. പകരം നീ (മുഹമ്മദ്) വിഗ്രഹങ്ങളുടെ മുമ്പിൽ തലകുനിയ്ക്കണം. അവരുടെ വിഗ്രഹങ്ങളെ തള്ളിപ്പറയുന്നത് നിർത്തുകയും ചെയ്യണം. അവരുടെ ആരാധനയെ തള്ളിപറയുന്നതും അവസാനിപ്പിക്കണം. അപ്പോൾ, അതിലൂടെ മാത്രമെ, നീ ഞങ്ങളോട് ചെയ്യാൻ പറയുന്നത് ചെയ്യുകയുള്ളു. അവരുടെ വിശ്വാസസംഹിതയിലുള്ള ഈ ചിന്താക്കുഴപ്പം, അവർ അല്ലാഹുവിനെ അംഗീകരിക്കുന്നതിനോടൊപ്പം ഈ വിഗ്രഹങ്ങളെയും അവർക്ക് ആരാധിക്കണം. ഇതിലൂടെ അവർ ശ്രമിച്ചത് മുഹമ്മദിന്റെ (സ) വിശ്വാസവും അവരുടെ വിശ്വാസവും തമ്മിൽ കൂട്ടിച്ചേർക്കുവാനാണ് അങ്ങനെയയല്ലാതെ മുഹമ്മദ് (സ)യും അവരും തമ്മിൽ ചേർന്നു പോകുവാൻ സാധിക്കുകയില്ല.

പ്രസ്തുതദേശത്ത് ഈ രണ്ടു വിശ്വാസങ്ങളും ചേർന്നു പോകുമെന്ന് അവർ കരുതി, വിശ്വസിച്ചു. ഒരു സന്ധിയിലൂടെ അത് സുസാധ്യമാണമെന്നവർ കരുതി, ഇരുവിഭാഗവും വിട്ടുവീഴ്ചകൾ ചെയ്യുന്നതിലൂടെ!

കുഴപ്പം പിടിച്ച ഈ സാഹചര്യത്തെ അതിജീവിക്കുന്നതിനായി രണ്ടു രീതിയിലുള്ള ആരാധനകളെയും വേർപെടുത്തുന്നതിനായി; രണ്ടു തത്വസംഹിതകളെയും, വേർതിരിക്കുന്നതിനായി ഒന്ന് അല്ലാഹുവിനെ ആരാധിക്കുക, മറ്റൊന്ന് മറുവശത്ത് വിഗ്രഹങ്ങളെ ആരാധിക്കുക; ഈ സന്ദർഭത്തിലാണ് ഉറച്ചസ്വരത്തിൽ ഈ സൂറ:അവതീർണ്ണമായത്. ഏകദൈവരാധനയെയും ബഹുദൈവാരാധനയെയും രണ്ടും രണ്ടായി വേർതിരിച്ചു നിർത്തുന്ന ഒരു രേഖ അവതരിപ്പിക്കപ്പെടുകയുണ്ടായി.

ഈ പറയപ്പെട്ട എല്ലാ ഒത്തുതീർപ്പ് ശ്രമങ്ങൾക്കും മധ്യേ, ഈ അധ്യായം ഇതാ ഇല്ല എന്ന് തറപ്പിച്ചു പറഞ്ഞു കൊണ്ട് അവതീർണ്ണ

മാകുന്നു. എങ്ങനെ? പറയുക ഇതൊരു ദൈവീക കല്പനയിലൂടെയാണ് അത് വിവരിക്കപ്പെടുന്നത്. അതിലൂടെ ഒരു സന്ദേശം, ഒരു വസ്തുത എത്തിക്കുകയാണ്. മതം എന്നത് അല്ലാഹുവിനു മാത്രമുള്ളതാണ്. അത് മുഹമ്മദ് (സ)ന്റെതല്ല; ആയതിനാൽ ദൈവം അവനാണ് കല്പനകൾ പുറപ്പെടുവിക്കുന്നതും കാര്യങ്ങൾ തീരുമാനിക്കുന്നതും.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)കല്പിക്കപ്പെടുകയുണ്ടായി! ബഹുദൈവാരാധകരെ ഈ രീതിയിൽ അഭിസംബോധന ചെയ്യാനായി. പറയുക, അല്ലയോ സത്യനിഷേധികളെ, അല്ലാഹു(ത) ഞങ്ങൾക്ക് ബോധ്യപ്പെടുത്തി തരുന്നു, വിശിഷ്യാ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)ന് ! അവർക്ക് നിശ്ചയിച്ചു കൊടുത്ത മതത്തെ അവർ പിൻപറ്റുന്നില്ല; അവർ നിന്നെ വിശ്വസിക്കുന്നതുമില്ല; ഈ അധ്യായം ഈ യാഥാർത്ഥ്യത്തെയാണ് വെളിപ്പെടുത്തുന്നത്; ഈ വ്യത്യാസം അവഗണിക്കപ്പെടാവതുമല്ല. അല്ലാഹു(ത) പ്രവാചകൻ (സ)യോടും വിശ്വാസികളോടും പ്രഖ്യാപിക്കുവാൻ കല്പിക്കുന്നു. നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നവനല്ല. എന്നിട്ട് അല്ലാഹു(ത) ഈ പ്രസ്താവനയെ നിങ്ങൾ ഒന്നുകൂടി സുവ്യക്തമാക്കിക്കൊടുക്കുവാൻ ആവശ്യപ്പെടുന്നു. ഈ മറുപടിയ്ക്ക് അല്ലാഹു(ത) യുടെ പിന്തുണയുമുണ്ട്. നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നവനല്ല; ഇതാവർത്തിക്കുന്നത് ഒരു രീതിയിലുള്ള സംശയവും ഈ കാര്യത്തിൽ അവശേഷിക്കാതിരിക്കുന്നതിനു വേണ്ടിയാണ് . അത്തരം ഒരു സമീപനം വളരെ അത്യന്താപേക്ഷിതമാണ്. രണ്ട് വിശ്വാസ സംഹിതകളിലുള്ള സത്തയായ അടിസ്ഥാനപരമായ വിയോജിപ്പുകൾ പ്രകടമാക്കേണ്ടത് തന്നെ, അതിന്റെ പ്രകൃതിതന്നെ രണ്ടും രണ്ടാണ്, അതായത് ഏകദൈവവിശ്വാസവും ബഹുദൈവ വിശ്വാസവും! അത് രണ്ടും രണ്ട്തന്നെയാണ്.

ചുരുക്കത്തിൽ ഇസ്ലാമിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുമ്പോൾ ഈ പ്രത്യേകത അനിവാര്യമാണ്. ദ്വത്തുല്ലാഹ് നടത്തുമ്പോൾ ഇക്കാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. പൊതുജനങ്ങളെ ക്ഷണിക്കുമ്പോഴും ഇക്കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇസ്ലാമിനോട്, അതിനുയോജിക്കാത്ത, കൂടിചേരലുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. വിശിഷ്യാ സമുദായങ്ങളിൽ അവ ഇസ്ലാ

മിക ആശയങ്ങൾ, ജീവിത വഴിയായി സ്വീകരിക്കുകയും എന്നിട്ട് അതു ഉപേക്ഷിക്കുകയും ചെയ്യുന്നവരായി തീരുവാൻ സാധ്യത വളരെ കൂടുതലാണ്. ഇത് അജ്ഞതയാൽ സംഭവിക്കുന്ന കാര്യമാണ്. ഇതിന് ഓരേ ഒരു പരിഹാരമേയുള്ളു. അത്തരത്തിലുള്ള കാര്യങ്ങൾ ഒന്നാകെ നിർബന്ധമായും അപ്രത്യക്ഷമാകേണ്ടതാണ്, എന്നിട്ട് പകരം ഇസ്ലാമിക തത്വങ്ങൾ നടപ്പിൽ വരുത്തേണ്ടതുമാകുന്നു.

ഈ രംഗത്തെ ഒന്നാമത്തെ ചവിട്ടുപടി, പ്രബോധനം ചെയ്യുന്ന ആൾ സ്വയം ഇത്തരം അജ്ഞതയിൽ നിന്നും വേർപെടേണ്ടതാകുന്നു. അജ്ഞതയും അദ്ദേഹവും തമ്മിൽ ഒരു ഉടമ്പടിയുമില്ല. അത് വേർപെടേണ്ടതു തന്നെയാണ്. ഒടുവിൽ അജ്ഞതയിൽ വീണ ആൾ പൂർണ്ണമായും ഇസ്ലാമിൽ പ്രവേശിക്കുന്നത് വരെ ഒരു സന്ധിയുമുണ്ടായിരിക്കില്ല. പ്രബോധകന്റെ അടിസ്ഥാനപരമായ വ്യക്തിത്വം വളരെ വ്യക്തമായും പ്രകടമാകേണ്ടതാണ്. അദ്ദേഹം ഈ അജ്ഞന്മാരായ ആളുകളിൽ നിന്നും തികച്ചും ഭിന്നനാണ്. അവർ അവരുടെ മതം, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ മതം, അദ്ദേഹത്തിന്റെ ഭാരിച്ച ജോലി അവരെ നേർവഴിയിൽ മാർഗദർശനം നല്കുക എന്നതാണ്. അവരുടെ മുമ്പിൽ പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ, അദ്ദേഹം സ്വയം അവരിൽ നിന്നുള്ള ബന്ധം വിച്ഛേദിക്കേണ്ടതാണ്. എന്നിട്ട് തുറന്ന് പ്രഖ്യാപിക്കേണ്ടതാണ്. നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം.

പ്രബോധകൻ വസ്തുതാപരമായ കാഴ്ച നഷ്ടപ്പെട്ടവനാകരുത്. ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും വഴി തെറ്റിപോയ ഒരു ജനതയെയാണ് താൻ മടക്കി വിളിക്കുന്നതെന്നറിയണം. ഇസ്ലാമിനോട് ശത്രുതയുള്ള അജ്ഞരായ ഒരു സമുദായത്തെയാണ് താൻ ഓപ്പറേറ്റ് ചെയ്യുന്നതെന്നും തിരിച്ചറിയേണ്ടതുണ്ട്. അനുരഞ്ജനത്തിന്റെ യാതൊരിടവും അവിടെയില്ല എന്ന് അയാൾക്ക് തീർച്ചയായും ബോധ്യമുണ്ടായിരിക്കണം. ഇസ്ലാമിനെ അതിന്റെ എല്ലാ വിധ വ്യക്തതയോടും കൂടി തന്നെ അവരുടെ മുൻപാകെ പ്രദർശിപ്പിക്കണം. അത് അജ്ഞരായ ജനങ്ങളുടെ ആശയങ്ങൾക്ക് തികച്ചും എതിരാണ് എന്നും തിരിച്ചറിയണം. അയാൾ അവരെ ധൈര്യസമേതം നേരിടണം. എന്നിട്ടവരോട് തുറന്നു പറയണം, നിങ്ങൾക്ക് നിങ്ങളുടെ മതം

എനിക്ക് എന്റെ മതം.

നമ്മുടെ മതം ശുദ്ധതയെ അടിസ്ഥാനമാക്കിയുള്ളതാണ്, സമ്പൂർണ്ണമായും അത് ഏകദൈവസിദ്ധാന്തത്തിലധിഷ്ഠിതമാണ് അതിന്റെ ആശയങ്ങളും, മൂല്യങ്ങളും, വിശ്വാസങ്ങളും, നിയമങ്ങളും മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളേയും ചൂഴ്ന്നു നില്ക്കുന്ന താണ്, ഇവയൊക്കെ ലഭ്യമായിട്ടുള്ളത് ദൈവത്തിൽ നിന്നു മാത്ര മാണ്? മറ്റാരിൽ നിന്നുമല്ല.

ഭിന്നതയേതുമില്ലാതെ ചിന്താക്കുഴപ്പമേതുമില്ലാതെ, സംശയ ലേശമന്യേ അത് നിലനില്ക്കുന്നതാണ്, നിഷ്ഠയോടെ പ്രവർത്തി ക്കുന്നതാണ്. ആയതിനാൽ നമുക്ക് പറയുവാൻ കഴിയണം ഇസ്ലാ മിന്റെ ശിലാസ്ഥാപനം ദുർബലവും അവ്യക്തവുമായ അടിസ്ഥാന ശിലയിൽ നിർമ്മിക്കാവതല്ല. മറിച്ച് ഇസ്ലാം സംസ്ഥാപിതമാകുന്നത് ദൃഢതയിലാണ്, വ്യക്തതയിലാണ്, തുറന്നുപറച്ചിലിലാണ്, സഹന ശക്തിയിലാണ്, അല്ലാഹു(ത) നമ്മോട് പ്രഖ്യാപിക്കുവാൻ കല്പിച്ച തുപോലെ, നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം.

ദൈവീക വഴിയിൽ ക്ഷണിക്കുന്നതിനു വേണ്ടി, ഇസ്ലാമിന്റെ ആദ്യകാലങ്ങളിൽ സ്വീകരിച്ച വഴി രീതി ഇതായിരുന്നു. നമ്മുടെ ഈ കാലഘട്ടത്തിലും നാം സ്വീകരിക്കേണ്ട വഴിയും, മാർഗവും ഇതു തന്നെ ആയിരിക്കണം. അങ്ങനെ ആയാൽ പ്രസ്തുത സത്യം വീണ്ടും ഇവിടെ ഭൂമുഖത്ത് തെളിയും. അസത്യം ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമാകും. ഇത് ശ്രമകരവും കഠിനവുമായ ഒരു ജോലിത ന്നെയാണ്. ഇത് നമ്മുടെ മാത്രം ശ്രേയസ്സിനു വേണ്ടിയുള്ളതല്ല. മറിച്ച് മുഴുവൻ ലോകജനതയ്ക്കും വേണ്ടിയുള്ളതാണ്. കാരണം ഏകദൈവവിശ്വാസം, നമ്മുടെ ഹൃദയങ്ങളെ നേർവഴിയിലൂടെ ഏക തയോടെ സ്വൈക്യത്തോടെ ചലിപ്പിക്കും ഇൻശാഅല്ലാഹ്! ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*